## മേശപ്പുറത്തുവച്ച കടലാസ്സുകൾ

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, പതിമൂന്നാം കേരള നിയമസഭ യുടെ ഒന്നാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2339-ന്റെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരു ന്നതിനുള്ള ചട്ടം 47(2) പ്രകാരമുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

## റിപ്പോർട്ട് സമർപ്പണം

### കാര്യാപദേശക സമിതിയുടെ എട്ടാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കാര്യോപദേശക സമിതി യുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## റിപ്പോർട്ട് പരിഗണന

### കാര്യാപദേശക സമിതിയുടെ എട്ടാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കാര്യോപദേശക സമിതി യുടെ എട്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരി പ്പിക്കുന്നു.

മൽസ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.കെ.ബാബു): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട് പരിഗണന

മി. സ്പീക്കർ : 12 മണിയാകുന്നു. പൂർത്തീകരിക്കേണ്ട ഒരു പ്രമേയമുണ്ട്. മറ്റൊരു പുതിയ പ്രമേയം കൂടിയുണ്ട്. ശ്രീ. ജോസഫ് വാഴക്കൻ അങ്ങ് അന്ന് സംസാരിച്ചു. തുടരുന്നുവെന്ന് പറഞ്ഞതുകൊണ്ട് ഒന്നോ രണ്ടോ വാചകം പറഞ്ഞ് ............ പ്ലീസ്.......

ശ്രീ. ജോസഫ് വാഴക്കൻ: സർ, 5 മിനിട്ട് അനുവദിച്ചിട്ടുണ്ട്. 5 മിനിട്ടിൽ പരമാവധി ഒതുക്കിനിർത്താം.

ശ്രീ. റ്റി.എൻ. പ്രതാപൻ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ എട്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. എ. മാധവൻ: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.